# പതിനഞ്ചാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2024 ജൂൺ 25, ചൊവ്വ

**നമ്പർ 139**

രാവിലെ 9.00-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു.

ചോദ്യങ്ങൾ :

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ നാലെണ്ണം സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

നടപടികൾ നിറുത്തിവയ്ക്കാനുള്ള ഉപക്ഷേപം :

ടി. പി. ചന്ദ്രശേഖരൻ കൊലപാതകക്കേസ് പ്രതികൾക്ക് ശിക്ഷായിളവ് നൽകാൻ ശ്രമിക്കുന്നതായി പറയപ്പെടുന്ന സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് ശ്രീമതി കെ. കെ. രമയും മറ്റ് അഞ്ച് അംഗങ്ങളും സഭാ നടപടികൾ നിറുത്തിവയ്ക്കാനുള്ള ഒരു ഉപക്ഷേപത്തിന് നോട്ടീസ് നല്കിയിരുന്നു. ബഹു. സ്പീക്കർ പ്രസ്തുത നോട്ടീസിന് അവതരണാനുമതി നിഷേധിച്ചു.

(ഇതേതുടർന്ന് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ മുദ്രാവാക്യം മുഴക്കി സഭാനടപടികൾ തടസ്സപ്പെടുത്താൻ ശ്രമിച്ചു.)

ശ്രദ്ധ ക്ഷണിക്കൽ :

1) സംസ്ഥാനത്തെ മോട്ടോർ വാഹനമേഖല നേരിടുന്നതായി പറയപ്പെടുന്ന പ്രശ്നങ്ങൾ പരിഹരിക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് ശ്രീ. കടകംപള്ളി സുരേന്ദ്രൻ ഗതാഗത വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച ഒരു പ്രസ്താവന ചെയ്തു.

(കാര്യവിവരപട്ടികയിൽ ലിസ്റ്റ് ചെയ്തിരുന്ന രണ്ടാമത്തെ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിച്ചില്ല. പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ ബഹളം തുടർന്നു.)

<u>ചട്ടം 304 പ്രകാരമുള്ള വിഷയങ്ങൾ</u>:

ചട്ടം 304 പ്രകാരം ഉന്നയിക്കാൻ നോട്ടീസ് നൽകിയിരുന്ന താഴെ പറയുന്ന വിഷയങ്ങളുടെ മറുപടി സഭയുടെ മേശപ്പുറത്ത് വച്ചു.

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. വി. ഡി. സതീശൻ | ലോക്സഭാ ഇലക്ഷനിൽ സ്പെഷ്യൽ പോലീസ് ഓഫീസർമാരായി സേവനമനുഷ്ഠിച്ചവർക്കുള്ള വേതനം | മുഖ്യമന്ത്രി |
| 2 | ശ്രീ. പി. നന്ദകുമാർ | ഭാരതപ്പുഴയിൽ അടിഞ്ഞുകൂടുന്ന മണ്ണ് നീക്കുന്നതിന് നടപടി | റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി |
| 3 | ശ്രീമതി സി. കെ. ആശ | ചെമ്മനത്തുകര ഐ.എച്ച്.ഡി.പി. നഗർ നിവാസികൾക്ക് പട്ടയം | റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി |
| 4 | ശ്രീ. പി. വി. അൻവർ | നിലമ്പൂർ ബൈപ്പാസ് നിർമ്മാണം | റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി |
| 5 | ശ്രീ. എൻ. ഷംസുദ്ദീൻ | മണ്ണാർക്കാട്, ജലജീവൻ മിഷൻ പദ്ധതിക്കായി കുഴിയെടുത്ത റോഡുകൾ സഞ്ചാരയോഗ്യ മാക്കുന്നതിന് നടപടി | ജലവിഭവ വകുപ്പുമന്ത്രി |
| 6 | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | പള്ളം ആശാ കേന്ദ്ര സ്പെഷ്യൽ സ്കൂളിനാവശ്യമായ സ്പെഷ്യൽ പാക്കേജ് | ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 7 | ശ്രീ. കെ. ആൻസലൻ | കുളത്തൂർ ഗവൺമെന്റ് കോളേജിന് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിന് നടപടി | ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി |
| 8 | ശ്രീ. പി. ജെ. ജോസഫ് | തൊടുപുഴ മാരിയിൽക്കലുങ്ക് പാലം നിർമ്മാണ പ്രവൃത്തികൾ | പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി |
| 9 | ശ്രീ. മുരളി പെരുനെല്ലി | വാടാനപ്പള്ളി ബീച്ച് ടൂറിസം പദ്ധതി നിർമ്മാണം | പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി |
| 10 | ശ്രീ. എം. വിൻസെന്റ് | കോവളം മണ്ഡലത്തിലെ വിവിധ റോഡുകൾ റീ-ടാർ ചെയ്യുന്നതിന് നടപടി | പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി |
| 11 | ശ്രീ. കെ. പ്രേംകുമാർ | കണ്ണമംഗലം പൊതുവായിൽ പാലവും കണ്ണമംഗലം ഷാപ്പ് പാലവും പുനർ നിർമ്മിക്കുന്നതിന് നടപടി | പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി |

<u>റിപ്പോർട്ട് സമർപ്പണം</u> :

പൊതുമേഖലാസ്ഥാപനങ്ങൾ സംബന്ധിച്ച സമിതിയുടെ ഇരുപത്തഞ്ച് മുതൽ ഇരുപത്തിയെട്ട് വരെയുള്ള റിപ്പോർട്ടുകൾ സഭയിൽ സമർപ്പിച്ചു.

<u>ധനകാര്യം :</u>

<u>2024-25 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും</u>

വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII- ാം നമ്പർ ധനാഭ്യർത്ഥന, കുടുംബക്ഷേമം എന്ന XIX- ാം നമ്പർ ധനാഭ്യർത്ഥന എന്നിവയുടെ നേരെ ധനാഭ്യർത്ഥനകളുടെ ലിസ്റ്റിലെ 7- ാം കോളത്തിൽ സൂചിപ്പിച്ചിട്ടുള്ള തുക അനുവദിക്കണമെന്ന പ്രമേയം ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി ശ്രീമതി. വീണാ ജോർജ് അവതരിപ്പിച്ചു.

പ്രസ്തുത ധനാഭ്യർത്ഥനകളെ സംബന്ധിച്ച് ചട്ടം 236 (3) പ്രകാരമുള്ള പ്രസ്താവനകൾ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ മേശപ്പുറത്തു വച്ചു.

XVIII- ാം നമ്പർ ധനാഭ്യർത്ഥന, XIX- ാം നമ്പർ ധനാഭ്യർത്ഥന എന്നിവ സംബന്ധിച്ച് നോട്ടീസ് നൽകപ്പെട്ടിരുന്ന ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കപ്പെട്ടില്ല. തുടർന്ന് ധനാഭ്യർത്ഥനകൾ XVIII, XIX എന്നിവ ചർച്ച കൂടാതെ സഭ പാസ്സാക്കി.

(കാര്യവിവരപട്ടികയിൽ ലിസ്റ്റ് ചെയ്തിരുന്ന ചട്ടം 49 പ്രകാരമുള്ള വിഷയം അവതരിപ്പിക്കപ്പെട്ടില്ല. പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ ബഹളം തുടർന്നു.)

2024 ജൂൺ 26- ാം തീയതി, ബുധനാഴ്ച രാവിലെ 9.00-ന് വീണ്ടും സമ്മേളിക്കുന്നതിനായി രാവിലെ 10.22-ന് സഭ പിരിഞ്ഞു.

ഡോ. എൻ. കൃഷ്ണ കുമാർ,

*സെക്രട്ടറി.*

# FIFTEENTH KERALA LEGISLATIVE ASSEMBLY

Eleventh Session

# BULLETIN—PART I

(Brief Record of Proceedings)

*Tuesday, June 25, 2024*

**English Version**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

*Questions :*

Four Questions in the list of Questions posted for the day were answered orally.

*Adjournment Motion :*

The Speaker withheld consent to the notice of an adjournment motion given notice of by Smt. K. K. Rema and five other Members regarding the situation reported to have arisen as there is supposed to be ab attempt for remission to sentence of the convicts in T. P. Chandrasekaran murder case.

(Following this, the members belonging to the opposition shouted slogans and tried to obstruct the proceedings.)

*Calling Attention :*

1. Shri Kadakampalli Surendran called the attention of the Minister for Transport to the necessity to resolve the problems reported to have faced by the Motor Vehicle Sector in the State. The Minister made a statement thereto.

(The Second notice listed in the List of Business was not moved. The members belonging to the opposition continued shouting of slogans.)

KNPP.811/2024 (ii)

*The Matters under Rule 304 :*

The reply to the matters for which notice was given by the following Members under Rule 304 were laid on the Table.

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. വി. ഡി. സതീശൻ | ലോക്സഭാ ഇലക്ഷനിൽ സ്പെഷ്യൽ പോലീസ് ഓഫീസർമാരായി സേവനമനുഷ്ഠിച്ചവർക്കുള്ള വേതനം | മുഖ്യമന്ത്രി |
| 2 | ശ്രീ. പി. നന്ദകുമാർ | ഭാരതപ്പുഴയിൽ അടിഞ്ഞുകൂടുന്ന മണ്ണ് നീക്കുന്നതിന് നടപടി | റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി |
| 3 | ശ്രീമതി സി. കെ. ആശ | ചെമ്മനത്തുകര ഐ.എച്ച്.ഡി.പി. നഗർ നിവാസികൾക്ക് പട്ടയം | റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി |
| 4 | ശ്രീ. പി. വി. അൻവർ | നിലമ്പൂർ ബൈപ്പാസ് നിർമ്മാണം | റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി |
| 5 | ശ്രീ. എൻ. ഷംസുദ്ദീൻ | മണ്ണാർക്കാട്, ജലജീവൻ മിഷൻ പദ്ധതിക്കായി കുഴിയെടുത്ത റോഡുകൾ സഞ്ചാരയോഗ്യ മാക്കുന്നതിന് നടപടി | ജലവിഭവ വകുപ്പുമന്ത്രി |
| 6 | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | പള്ളം ആശാ കേന്ദ്ര സ്പെഷ്യൽ സ്കൂളിനാവശ്യമായ സ്പെഷ്യൽ പാക്കേജ് | ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 7 | ശ്രീ. കെ. ആൻസലൻ | കുളത്തൂർ ഗവണ്മെന്റ് കോളേജിന് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിന് നടപടി | ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി |
| 8 | ശ്രീ. പി. ജെ. ജോസഫ് | തൊടുപുഴ മാരിയിൽക്കലുങ്ക് പാലം നിർമ്മാണ പ്രവൃത്തികൾ | പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി |
| 9 | ശ്രീ. മുരളി പെരുനെല്ലി | വാടാനപ്പള്ളി ബീച്ച് ടൂറിസം പദ്ധതി നിർമ്മാണം | പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി |
| 10 | ശ്രീ. എം. വിൻസെന്റ് | കോവളം മണ്ഡലത്തിലെ വിവിധ റോഡുകൾ റീ-ടാർ ചെയ്യുന്നതിന് നടപടി | പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി |
| 11 | ശ്രീ. കെ. പ്രേംകുമാർ | കണ്ണമംഗലം പൊതുവായിൽ പാലവും കണ്ണമംഗലം ഷാപ്പ് പാലവും പുനർ നിർമ്മിക്കുന്നതിന് നടപടി | പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി |

*Presentation of Report :*

The Twenty Fifth to Twenty Eighth Reports of the Committee on Public Undertakings were presented.

*Financial Business :*

*<u>Discussion and Voting on Demands for Grants in the Budget for the financial year 2024-25</u>*

Smt. Veena George, Minister for Health and Woman and Child Development moved Demand No. XVIII-Medical and Public Health and Demand No. XIX – Family Welfare for the amounts shown respectively against them under column No. 7 in the list of Demands for Grants.

Shri K. N. Balagopal, Minister for Finance laid on the Table statements under Rule 236 (3) relating to Demand Nos. XVIII and XIX.

The cut motions for Demand No. XVIII and XIX were not moved. Then the Demand Nos. XVIII and XIX were passed by the House without any discussion.

(The notice as per Rule 49 listed in the List of Business was not moved. The members belonging to the opposition continued shouting of slogans.)

The House adjourned at 10.22 a.m. to meet again at 09.00 a.m on Wednesday, June 26, 2024.

DR. N. KRISHNA KUMAR,

*Secretary.*